# LSS Malayalam

1) ബോധേശ്വരൻ എന്നറിയപ്പെടുന്ന മലയാളകവിയുടെ യഥാർത്ഥ പേരെന്ത്?

കേശവപിള്ള

2) ഗുരുസാഗരം എന്നത് ആരുടെ കൃതിയാണ്?

ഒ.വി. വിജയൻ

3) അപ്പുക്കിളി എന്ന കഥാപാത്രം ഏതു കൃതിയിലേതാണ്?

ഖസാക്കിന്റെ ഇതിഹാസം (ഒ.വി.വിജയൻ)

4) എന്റെ ഉണ്ണി

എടപ്പാൾ സുബ്രഹ്മണ്യൻ

നേരമില്ലുണ്ണിക്കു നേരമില്ല
നേരംപോക്കോതുവാൻ നേരമില്ല
മുറ്റത്തെ മാവിന്റെ തോളിലൊന്നേറുവാൻ
മാറിലൊന്നാടുവാൻ നേരമില്ല
തുമ്പിയെകൊണ്ടൊരു കല്ലെടുപ്പിക്കുവാൻ
തുമ്പപ്പൂവൊന്നു പറിച്ചീടുവാൻ
നാലുകാൽ നാട്ടിയൊരോലപ്പുര കെട്ടി
കഞ്ഞിവച്ചീടുവാൻ നേരമില്ല

നെല്ലിമരത്തിലേക്കാഞ്ഞൊന്നെറിയുവാൻ
കല്ലെടുത്താലമ്മ കണ്ണുരുട്ടും
ഊഞ്ഞാലുകെട്ടാൻ തുടങ്ങിയാലമ്മയെൻ
തുടയിലടിക്കുവാൻ ഓടിയെത്തും

ഒരു തുള്ളിപ്പുതുമഴ എങ്ങാനും കൊള്ളുകിൽ
ഒരു പാടു ചീത്ത പറയുമച്ഛൻ
അപ്പൂപ്പൻ താടിയോടൊപ്പം നടക്കുകിൽ
അപ്പൂപ്പൻ പോലും വഴക്കിടുന്നു

എ) കവിത വായിച്ചല്ലോ? കവിതയിലെ ആശയം ഉൾപ്പെടുത്തി ഒരു കുറിപ്പ തയ്യാറാക്കുക.

ബി) 'ഓജുക' എന്ന പദത്തിന്റെ അർത്ഥം എഴുതുക

സി) 'കണ്ണ്' എന്ന പദത്തിന് സമാനമായി മറ്റൊരു പദം എഴുതുക!

5) "എള്ളുചോരുന്നതറിയില്ല

തേങ്ങ ചോരുന്നതറിയാം" എന്ന പഴഞ്ചൊല്ലിന്റെ അർത്ഥമെന്ത്?

എ) അഹന്ത ബി) *അശ്രദ്ധ

സ) അത്യാഗ്രഹം ഡി) അസൂയ

6) കൂട്ടത്തിൽ പെടാത്തത്

ഭൂപൻ, നൃപൻ, അരചൻ, അരയൻ*

7) മഹാകവി കുട്ടമത്തിൻറെ മുഴുവൻ പേരെന്ത്?

- കുട്ടമത്ത് കുന്നിയൂര് കുഞ്ഞുകൃഷ്ണകുറുപ്പ്

8) താഴെ കൊടുത്തിരിക്കുന്നതിൽ കുഞ്ചൻ നമ്പ്യാരുടെ വരികൾ ഏത്?

എ) പഞ്ചുകിട്ടുകിൽ നൂറുമതിയെന്നും
ശതമാകിൽ സഹസ്രം മതിയെന്നും

ബി) നായർ വിശന്നു വലഞ്ഞു വരുമ്പോൾ
കായക്കഞ്ഞിക്കരിയിട്ടില്ല

സി) ശാരിക പൈതലേ ചാരുശിലേ വരികാരോമലേ
കഥാശേഷവും ചൊൽക നീ

ഡി) കല്ലുകൊണ്ടോ മനം താവകമെങ്കിലും
കല്ലിനു മാർദ്രതയുണ്ടിതു കാണുമ്പോൾ

9) എഴുതാപ്പുറം വായിക്കരുത് എന്ന ചൊല്ലിന്റെ അർത്ഥം എന്ത്?

എ) എഴുതിയ ഭാഗം മാത്രമേ വായിക്കാവൂ

ബി) തെറ്റായ വ്യാഖ്യാനം നൽകരുത്

സി) എഴുതാനറിയാത്തവൻ വായിക്കരുത്

ഡി) പുറത്തിരുന്ന് വായിക്കരുത്

10) ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.




11) ശരിയായ ജോഡി ഏത്?

എ) ഇടശ്ശേരി - പൂതപ്പാട്ട്

ബി) തകഴി - വീണപൂവ്

സി) കുമാരനാശാൻ - കയർ

ഡി) സുഗതകുമാരി - നീർമാതളം പൂക്കുമ്പോൾ

12) മിഴാവ് എന്ന വാദ്യോപകരണം ഏതു കലാരൂപത്തിലാണ് ഉപയോഗിക്കുന്നത്?

- കൂത്ത്

13) താഴെ കൊടുത്തിരിക്കുന്ന കഥാഭാഗം വായിക്കുക

നാട്ടിലെ പൊക്കം കൂടിയ സ്ഥലം ക്ഷേത്രമാണ് അവിടെ ദേവൻ കഴുത്തറ്റം വെള്ളത്തിൽ നിൽക്കുന്നു. വെള്ളം! സർവ്വത്രം ജലം ! നാട്ടുകാരെല്ലാം കരതേടിപ്പോയി. വീട്ടുകാവലിന് ഒരാൾ, വീട്ടിൽ വള്ളമുണ്ടെങ്കിൽ ഉണ്ട്. ക്ഷേത്രത്തിലെ മൂന്നു മുറിയുള്ള മാളികപ്പുറത്ത് 67 കുട്ടികളുണ്ട്. 356 ആളുകൾ, പട്ടി, പൂച്ച, ആട്, കോഴി മുതലായ വളർത്തു മൃഗങ്ങളും എല്ലാം ഐക്യമത്യമായി കഴിയുന്നു. ഒരു ശണ്ഠയുമില്ല.

കഥാഭാഗം വായിച്ചുവല്ലോ, കുട്ടനാട്ടിലെ പ്രകൃതി ദുരന്തത്തിന്റെ ഒരു ഭീകരദൃശ്യ മാണിത് ഇതൊരു പത്രവാർത്തയായി മാറ്റി എഴുതുക.

ബി) ദേവൻ കഴുത്തറ്റം വെള്ളത്തിൽ നിൽക്കുന്നു. ഈ ദൃശ്യത്തിന്റെ ഭീകരത എത്രത്തോളം വലുതാണ്? കുറിപ്പുതയ്യാറാക്കുക.

14) 'കുട്ടിയുടുപ്പ്' പിരിച്ചെഴുതുക

കുട്ടി + ഉടുപ്പ്

15) മാറ്റിയെഴുതാം 'മാതാപിതാക്കൾ'

മാതാവും പിതാവും

16) അർത്ഥവ്യത്യാസം എഴുതുക മാനം

മാനം - ആകാശം

മാനം - അഭിമാനം

17) കേരളീയ കലകളുമായി ബന്ധമില്ലാത്തത് ഏത്?

മോഹനിയാട്ടം, കഥകളി, ഓട്ടൻതുള്ളൽ, ഭരതനാട്യം **

18) മിനിക്ക് ഏത് കലാരൂപവുമായി ബന്ധപ്പെട്ടിരിക്കുന്നു.

കഥകളി

19) ചേന്നപ്പറയൻ ഒരു രാത്രിയും ഒരു പകലുമായി വെള്ളത്തിൽത്തന്നെ നിൽക്കുന്നു. അവനു വള്ളമില്ല. അവന്റെ തമ്പുരാൻ മൂന്നായി, പ്രാണനും കൊണ്ടു കരപറ്റിയിട്ട്. ആദ്യം പുരയ്ക്കകത്തേക്കു വെള്ളം എത്തിനോക്കിത്തുടങ്ങിയപ്പോഴെ മടലും കമ്പും കൊണ്ടു തട്ടും പരണം കെട്ടിയിരിക്കുന്നു. വെള്ളം പെട്ടെന്നിറങ്ങുമെന്നു കരുതി രണ്ടു ദിവസം അതിൽ കുത്തിയിരുന്നു കഴിച്ചുകൂട്ടി. കൂടാതെ നാലഞ്ചു വാഴക്കുലയും തുറുവും കിടക്കുന്നു. അവിടെ നിന്നും പോയാൽ അവയെല്ലാം ആണുങ്ങൾ കൊണ്ടു പോകുകയും ചെയ്യും.

ഇപ്പോൾ തട്ടിന്റെയും പരണിന്റെയും മുകളിൽ മുട്ടറ്റം വെള്ളമുണ്ട് മേൽക്കൂരയുടെ രണ്ടുവരി ഓല വെള്ളത്തിനടയിലാണ്. അകത്തു കിടന്നു ചേന്നൻ വിളിച്ചു. ആരു വിളികേൾക്കും? അടുത്താരുണ്ട്? ഗർഭിണിയായ ഒരു പറച്ചി, നാലുകുട്ടികൾ, ഒരു പൂച്ച ഒരു പട്ടി ഇത്രയും ജീവികൾ അവനെ ആശ്രയിച്ചിട്ടുണ്ട്.

എ) ചേന്നപ്പറയൻ വെള്ളത്തിൽ തന്നെ നിൽക്കാൻ കാരണമെന്ത്?

ബി) വെള്ളം എത്തിനോക്കി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

സി) കുട്ടനാട്ടിലെ പ്രളയ ദുരന്തത്തിൻറെ സൂചന ഈ കഥാഭാഗത്തുണ്ട് കഥാഭാഗത്തെ ആസ്പദമാക്കി ഒരു പത്രവാർത്ത തയ്യാറാക്കുക.

20) കാട്ടുമനുഷ്യൻ എന്ന പദത്തിന്റെ ശരിയായ വ്യാഖ്യാനം എന്ത്?

എ) കാട്ടിൽ ജനിച്ചു വളർന്ന മനുഷ്യൻ

ബി) കാട്ടിൽ ജീവിക്കുന്ന മനുഷ്യൻ

സി) കാട്ടിലുള്ള മനുഷ്യൻ

ഡി) കാടുകൊണ്ട് ഉപജീവനം കഴിക്കുന്ന മനുഷ്യൻ

21) താഴെ കൊടുത്തിരിക്കുന്നവയിൽ കൂട്ടത്തിൽ പെടാത്തത് ഏത്?

എ) പൂർവജൻ ബി) അഗ്രജൻ സി) ജ്യേഷ്ഠൻ ഡി) കനിഷ്ഠൻ

22) "പൊന്നരിവാളമ്പിളിയില് കണ്ണെറിയുന്നോളേ" ഇവിടെ പൊന്നരിവാളെന്ന പ്രയോഗം ചന്ദ്രൻറെ ഏതെല്ലാം പ്രത്യേകതകളെയാണ് സൂചിപ്പിക്കുന്നത്?

എ) ആകൃതിയും നിറവും ബി) ആകൃതിയും വലിപ്പവും

സി) വലുപ്പവും നിറവും ഡി) ആകൃതിയും അകലവും

23) "കാക്കേ കാക്കേ കൂടെവിടെ

കൂട്ടിനകത്തൊരു കുഞ്ഞില്ലേ"

ഈ കവിതയുടെ ഈണത്തിൽ ചൊല്ലുന്ന വരികൾ തിരഞ്ഞെടുക്കുക

എ) പ്രാവേ പ്രാവേ പോകരുതേ
വാവാ കൂട്ടിനകത്താക്കാം

ബി) കുഞ്ഞിയമ്മയ്ക്കഞ്ചു മക്കളാണേ
അഞ്ചാമനോമന കുഞ്ചുവാണേ

സി) ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം

ഡി) ഒന്നാം നാൾ ഉല്ലാസയാത്ര പോയപ്പോൾ
ഒരു കുഞ്ഞിക്കിളിയെ ഞങ്ങൾ കണ്ടു.

24) "അങ്കവും കാണാം, താളിയും ഒടിക്കാം" ഈ ശൈലിയുടെ അർത്ഥം എന്ത്?

എ) രണ്ടു കാര്യങ്ങൾ ഒരുമിച്ച് നടക്കുക

ബി) വിരലിലെണ്ണാവുന്നത്ര കുറവ്

സി) പൂർണമായി അഴിച്ചു പണിയുക

ഡി) വെറുതെയുള്ള സംസാരം

25) "എരിതീയിൽ എണ്ണ ഒഴിക്കുക" എന്ന ശൈലിയുടെ അർത്ഥം എന്ത്?

എ) കൂടുതൽ കുഴപ്പം ഉണ്ടാക്കുക ബി) അണയാറായതീയിൽ എണ്ണ ഒഴിക്കുക

സി) സത്യം വെളിച്ചത്താക്കുക ഡി) കഠിനമായി ചിന്തിക്കുക

26) ദൈവത്തിന്റെ കുപ്പായം

കാരൂർ നീലകണ്ഠപിള്ള

കുട്ടപ്പൻ പുതച്ചിരുന്ന ചാക്കുമാറ്റി പായയിൽ നിന്നും എഴുന്നേറ്റ് മുറ്റത്തേക്കിറങ്ങി. തണുപ്പുകൊണ്ട് അവന്റെ താടി കിടുകിടുത്തു. അവൻ മുറിക്കുള്ളിലേക്കു തിരിച്ചുകേറി. "ചോരയുറഞ്ഞു പോകുന്ന കുളിര് ! കൊറേ നേരം കൂടി കിടക്കട്ടേ."

അമ്മ ആ എട്ടുവയസ്സുള്ള ഏക സന്താനത്തെ വിഷാദത്തോടു കൂടി നോക്കി.

അല്പം കഴിഞ്ഞ് "കെടനാൽ പറ്റൂല്ലല്ലോ" എന്നും പറഞ്ഞ് അവൻ എഴുന്നേറ്റു.

"ഈ മഞ്ഞൊന്നു മാറിയിട്ടു പോയാമതി മോനേ വല്ല പനീം പിടിച്ചു നീയും കെടന്നു പോയാൽ......!"

"പനീം മറ്റും പിടിക്കൂലാമ്മേ. തണുപ്പുകൊണ്ട് അസ്ഥികൂടെ നോവുന്നതാ സഹിക്കാൻ മേലാത്തെ. ഒരു ബനിയൻ മേടിക്കണമെന്നോർത്തിട്ടു പറ്റുന്നില്ലല്ലോ." " എന്തു ചെയ്യാനാ! എത്ര ബനിയൻ മേടിക്കാനുള്ള കാശ് എന്റെ ദീനത്തിനു നീ ചെലവാക്കി ! ഈ പ്രയാത്തിലുള്ള കുഞ്ഞിനെയിട്ടു കഷ്ടപ്പെടുത്തണമെന്നാണല്ലോ എൻറെ തലയിലെഴു തിയത്! എന്നു പറഞ്ഞപ്പോഴേക്ക് അവളുടെ തൊണ്ടയിടറി.

അവൾക്കെന്നും ദീനമാണ് പുറത്തെങ്ങും പോകാൻ വയ്യ. കുട്ടപ്പൻ ഓല കൊണ്ടു വന്നു കൊടുത്താൽ അവൾ കുറച്ചു നേരം കുത്തിയിരിക്കുമ്പോൾ ദേഹം മുഴുവൻ വേദനിച്ചിട്ടു പണി നിർത്തും. ഓലയും പായും വിൽക്കാൻ കുട്ടപ്പൻ പോകണം.

എ) മഞ്ഞ് എന്ന വാക്കിന് പകരം പദം എഴുതുക?

ബി) കുട്ടപ്പന് എന്തു വാങ്ങണം എന്ന ആഗ്രഹമാണുള്ളത്?

സി) കഥയ്ക്ക് ഒരു ആസ്വാദനകുറിപ്പ് തയ്യാറാക്കുക.

27) താഴെ കൊടുത്തിരിക്കുന്നവയിൽ താളവ്യത്യാസമുള്ള വരികൾ കണ്ടെത്തുക

എ) ഓടേണ്ട, ഓടേണ്ടാ, ഓടിത്തളരേണ്ടാ ഓമനപ്പൂമുഖം വാടിടേണ്ടാ.

ബി) തീക്കും തന്നുള്ളിലെ തോന്നിത്തുടങ്ങീതേ

തീക്കായ വേണമെനിക്കുമെന്ന്

സി) ലന്തക്കുരുകൊണ്ട് കൂട്ടാനുമുണ്ടാക്കി

ചന്തത്തിൽ വേണ്ടുന്ന കോപ്പുകൂട്ടി

ഡി) മാളിക മുകളേറിയ മന്നന്റെ തോളിൽ മാറാപ്പുകേറ്റുന്നതും ഭവാൻ

28) മഹാകവി ഉള്ളൂർ എഴുതിയ സാഹിത്യ ചരിത്ര ഗ്രന്ഥം ഏത്?

കേരള സാഹിത്യചരിത്രം

29) മലയാളത്തിന്റെ ഓർഫ്യൂസ് എന്നറിയപ്പെടുന്നതര്?

ചങ്ങമ്പുഴ കൃഷ്ണപിള്ള

30) മലയാളത്തനിമ എന്ന വാക്ക് പിരിച്ചെഴുതുക

മലയാള + തനിമ

31) 2018 ലെ ജ്ഞാനപീഠജേതാവായ ഇന്ത്യൻ ഇംഗ്ലീഷ് എഴുത്തുകാരൻ

അമിതാവ് ഘോഷ്

32) താഴെ പറയുന്നവയിൽ പഴഞ്ചൊല്ല് ഏത്?

എ) അടിപാറ നടുവടി മീതെ കുട

ബി) അർധരാത്രി കുട പിടിക്കുക

സി) മിന്നുതല്ലാം പൊന്നല്ല

ഡി) അമ്പാട്ടെ പട്ടിക്കു മുമ്പോട്ടു വാല്

33) കഥകളിയുമായി ബന്ധമില്ലാത്തത് ഏത് ?

എ) മിനുക്ക് ബി) മിഴാവ് സി) ആട്ടവിളക്ക് ഡി) താടി

34) അങ്കണതൈമാവിൽ നിന്നാദ്യത്തെ

പഴം വീഴ്കെ

അമ്മതൻ നേത്രത്തിൽ നിന്നുതിർന്നു

ചുടുകണ്ണീർ ഇത് ആരുടെ വരികളാണ് - വൈലോപ്പിള്ളി ശ്രീധരമേനോൻ

## 1. മാതൃഹൃദയം

## (ബാലാമണി അമ്മ)

ഉമ്മ വയ്ക്കാൻ വയ്യിതിനെയുമെന്നാകി-

ലമ്മയ്ക്ക കാട്ടിത്തരില്ല ഞാനെൻ മുഖം

തൻ ചെറുപൂച്ചയെ പുൽകി നിന്നിങ്ങനെ

കൊഞ്ചിനാൾ ചെറ്റുകയർത്തുകൊണ്ടെൻ മകൾ

സ്വച്ഛതമങ്ങളാമക്കൺ മുനകളി-

ലശ്രുക്കൾ മിന്നിത്തിളങ്ങീ പൊട്ടുന്നനെ

മന്ദം കുനിഞ്ഞു ഞാൻ ചുംബിച്ചുപൈതലിൻ

മാറിലിണങ്ങുമാ മല്ലികച്ചെണ്ടിനെ

അസ്വസ്ഥ ഭാവേന ചൂളിസരോമഞ്ച

മജ്ജന്തുവെന്നത്തുറിച്ചു നോക്കിത്തദാ ---

എ) 'കെട്ടിപ്പിടിക്കുക' എന്നതിന് പകരം പ്രയോഗിക്കുന്ന പദം ഏത്?

ബി) "മാറിലിണങ്ങുമാ മല്ലികച്ചെണ്ടിനെ" ഇവിടെ 'മല്ലികച്ചെണ്ട്' എന്ന് കവിയിത്രി വിശേഷിക്കുന്നതാരെ?

സി) കവിതയ്ക്ക് അസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

## 2. മഴവില്ല്

## (ജി.ശങ്കരകുറുപ്പ്)

വാർമഴവില്ലേ വന്നാലും

വാനിൻ മടിയിലിരുന്നാലും

കൺകുളിരുന്നു കാണുമ്പോൾ

കരൾ നോവുന്ന മായുമ്പോൾ

ആരു നിനക്കീ നിറമേകി?

ആരു നിനക്കീ നില നൽകീ?

എന്നെ കൂടി വിളിക്കാമോ?

നിന്നുടെയരികെയിരുത്താമോ?

താഴത്തേക്കു വരുന്നില്ലേ?

തന്നെയിരുന്നാൽ മുഷിയില്ലേ?

ആരു നിനക്കൊരു കഥ പറയാൻ

ആരുണ്ടവിടെയൊരുമ്മ തരാൻ?

വന്നുകളിപ്പാൻ കൊതിതോന്നും

നിന്നുടെ കൂടെയിവനെന്നും

വാർമഴവില്ലേ മായല്ലേ

അഴകിൻ തെല്ലേ പോകല്ലേ?

എ) "അഴകിൻ തെല്ലേ" എന്ന് കവിവിളിക്കുന്നതാരെ?

മഴവില്ല്

ബി) കവിതയിൽ നിന്നും ശബ്ദഭംഗിയുള്ള വരികൾ കണ്ടെത്തുക? (രണ്ടുവരി) കവിതക്ക് ഉചിതമായ തലക്കെട്ട് നൽകുക?

സി) കവിതയുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

## 3. കൊച്ചുപൂവ് (ജി.ശങ്കരക്കുറുപ്പ്)

ഇത്തിരിപ്പൂവേ ചുവന്ന പൂവേ

ഇത്ര നാളെങ്ങു നീ പോയി

മണ്ണിനടയിലൊളിച്ചിരുന്നോ?

മറ്റുള്ള പൂക്കളെ കാത്തിരുന്നോ?

വന്നതു നന്നായി, തെല്ലുനേരം

വല്ലതും പാടിക്കളിക്കാം സൈ്വരം

ചെമ്മേറുമീയിടുപ്പൊരു തന്നു

ചേച്ചിയ്ക്കൊരുമ്മ തരാനോ തോന്നു, കാറ്റിടിച്ചോമനേ വീണിടല്ല,

കാലത്തെ വെയിലേറ്റു വാടീടൊല്ലേ!

എ) കാറ്റ് പകരം പദം എഴുതുക (രണ്ടെണ്ണം)

അനിലൻ, പവനൻ

ബി) പൂവ് വിടരാൻ വൈകിയത് എന്തുകൊണ്ടാണെന്നാണ് കവി സംശയിക്കുന്നത്?

മണ്ണിനടിയിലൊളിച്ചിരുന്നതാണോ? അതേ മറ്റുള്ള പൂക്കളെ കാത്തിരുന്നോ?

സി) കവിതക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക?

## 4. ഒരു പാട്ടുപിന്നെയും (സുഗതകുമാരി)

ഒരു പാട്ടുപിന്നെയും പാടി നോക്കുന്നിതാ
ചിറകൊടിഞ്ഞുള്ളൊരി കാട്ടുപക്ഷി
മഴതിന്ന മാമരക്കൊമ്പിൽ
തനിച്ചിരുന്നൊടിയാ ചിറക് ചെറുതിളക്കി
നോവുമെന്നോർത്തോ പതുക്കെ അനങ്ങാതെ
പാവം പണിപ്പെട്ടുപാടിടുന്നു.
ഇടറുമീഗാനമെന്നേറ്റുപാടാൻ കൂടെ
ഇണയില്ല കൂട്ടിനു കിളികളില്ല
പതിവുപോൽ കൊത്തിപ്പിരിഞ്ഞുപോയ്
നെയ് ചൂടിലടവച്ചുണർത്തിയ കൊച്ചുമക്കൾ
ആർക്കുമല്ലാതെ വെളിച്ചവും ഗാനവും
കാറ്റും മനസ്സിൽ കുടിയിരുത്തി
വരവായൊരന്തിയേ കണ്ണാലുഴിഞ്ഞു
കൊണ്ടൊരു കൊച്ചു രാപ്പൂവുണർന്നനേരം
ഒരു പാട്ടുകൂടി പതുക്കെ മൂളിന്നിതാ
ചിറകൊടിഞ്ഞുള്ളൊരാ കാട്ടുപക്ഷി

എ) കവിതക്ക് ഉചിതമായ തലക്കെട്ട് നൽകുക?

ബി) പക്ഷി, പതുക്കെ അനങ്ങാതെ പണിപ്പെട്ട് പാട്ടുപാടാൻ കാരണമെന്തായിരിക്കാം?

സി) കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക?

## 5. പത്രവാർത്ത

2018-2019 ൽ ലോകം കണ്ട മഹാപ്രളയമായിരുന്നു കഴിഞ്ഞ ഓഗസ്റ്റിൽ കേരളം അഭിമുഖീകരിച്ചത്. ഈ ദുരന്തത്തിൽ നിന്നും കരകയറാൻ നല്ലവരായ ഒരു പാട്ടു മനുഷ്യരുടെ സഹായ ഹസ്തങ്ങൾ വേണ്ടിവന്നു. ചതലി ഗവ.എൽ.പി സ്കൂളിലെ കുട്ടികളും സഹായവുമായി മുന്നോട്ടു വന്നു. അവർ പ്രളയത്തിലകപ്പെട്ട ഒരു വിദ്യാലയം പുനർ നിർമ്മാണത്തിനായി ഏറ്റെടുത്തു. അവർ നടത്തിയ പ്രവർത്തന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഏറ്റെടുത്ത വിദ്യാലയം : താഴൂർ L.P.S

നടത്തിയ പ്രവർത്തനങ്ങൾ : ശുചീകരണം

പഠനോപകരണവിതരണം

പങ്കെടുത്തവർ : HM, അധ്യാപകർ, കുട്ടികൾ, PTA അംഗങ്ങൾ, പൂർവ വിദ്യാർത്ഥികൾ

തീയതി : സെപ്റ്റംബർ 2 വ്യാഴം

പ്രവർത്തനങ്ങൾക്ക് AEO ആശംസകൾ അറിയിച്ചു. ഈ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് അടുത്ത ദിവസത്തെ പത്രത്തിൽ വന്നിരിക്കാനിടയുള്ള പത്രവാർത്ത തയ്യാറാക്കാമോ?

## 6. പുഴകൾ

ഭൂമിയിലെ പ്രധാന ജലാശയങ്ങളാണ് പുഴകൾ. മലകളിൽ നിന്നുള്ള നീരുറവകളിലൂടെയും മഴവെള്ളം മുഖേനയും തോടുകളും അരുവികളും ചേർന്നുമെല്ലാം പുഴകൾ രൂപപ്പെടുന്നു. നദിയും പുഴയും പൊതുവേ ഒരേ അർഥത്തിൽ ഉപയോഗിക്കാറുണ്ടെങ്കിലും ദൈർഘ്യമേറിയ പുഴകളെയാണ് നദികൾ എന്നു പറയുന്നത്. എല്ലാ നദികളും പുഴകളാണെങ്കിലും എല്ലാ പുഴകളും നദികളല്ല. ചുരുങ്ങിയത് 16 കി.മീ എങ്കിലും നീളമുള്ള പുഴകളെയാണ് നദികൾ എന്നു വിശേഷിപ്പിക്കുന്നത്. കേരളത്തിൽ 44 നദികളാണ് ഉള്ളത്. എന്നാൽ മറ്റ് അനേകം പുഴകളും കേരളത്തിലുണ്ട്. തെളിഞ്ഞ് ഒഴുകുന്ന നദികൾ കണ്ടു നിൽക്കാത്തവരില്ല. ധാരാളം മത്സ്യങ്ങളും, സസ്യങ്ങളും പുഴകളിൽ കാണാം. വഞ്ചി തുഴയുന്നവരേയും,

മീൻപിടിക്കുന്നവരേയും നദികളിൽ കാണാം. ഇരുകരളിലും അനേകം സസ്യങ്ങളും, വീട്ടുകളും കാണാം നദികൾ നമ്മുടെ കാർഷികവൃത്തിയുടെ നെടും തൂണാണ്.

എ) എല്ലാ നദികളും പുഴകളാണ്. എന്നാൽ എല്ലാ പുഴകളും നദികളല്ല കാരണം

ബി) നീളമുള്ളത് എന്ന അർത്ഥത്തിൽ പ്രയോഗിച്ചിട്ടുള്ള പദമേത്?

| ദൈർഘ്യമേറിയത് |
|---|

സി) പുഴയുടെ വർണ്ണന തയ്യാറാക്കുക?

## 7. വായനക്കുറിപ്പ് തയ്യാറാക്കുക

## സ്വപ്നത്തിലെ കടം

ധനികനായ കനകറാമും ദരിദ്രനായ ചമൻലാലും അയൽക്കാരാണ്. ഒരു നാൾ ചമൻലാൽ ഒരു സ്വപ്നം കണ്ടു. കനകറാമിൽ നിന്നും നൂറു സ്വർണ്ണനാണയങ്ങൾ കടം വാങ്ങുന്നതും അതുകൊണ്ട് നല്ല വസ്ത്രങ്ങൾ വാങ്ങുന്നതും നല്ല ഭക്ഷണം കഴിച്ചു സുഖമായിരിക്കുന്നതുമായിരുന്നു സ്വപ്നം. ശുദ്ധഗതിക്കാരനായ ചമൻലാൽ ഈ വിവരം പിറ്റേന്ന് കനകറാമിനെ കണ്ടപ്പോൾ അറിയിക്കുകയുണ്ടായി.

"എങ്കിൽ ആ സ്വർണനാണയങ്ങൾ തിരിച്ചു തന്നേക്ക്" എല്ലാം കഴിഞ്ഞപ്പോൾ കനകറാം ഗൗരവത്തിൽ അറിയിച്ചു. ഞാൻ സ്വപനത്തിലല്ലേ കടം വാങ്ങിച്ചത്? ചമൻ ലാൽ മിഴിച്ചു നിന്നുപോയി. സ്വപ്നത്തിലായാലും കടം കടം തന്നെയാണ്. അത് തിരിച്ചു തന്നേ മതിയാവൂ കനകറാം തറപ്പിച്ചു പറ്ഞ്ഞു. പ്രശ്നം അക്ബർ ചക്രവർത്തിയുടെ മുന്നിലെത്തി. ഇതിനൊരു തീർപ്പുകൽപ്പിക്കാൻ ചക്രവർത്തി ബീർബലിനെയാണ് ചുമതലപ്പെട്ടുത്തിയത്.

ബീർബൽ ഒരു കണ്ണാടിയും നൂറു സ്വർണനാണയങ്ങളും കൊണ്ടുവരാൻ ആവശ്യപ്പെട്ടു. കണ്ണാടിക്കു മുന്നിൽ സ്വർണ നാണയങ്ങൾ കൂടിയിട്ടും കണ്ണാടിയിൽ കാണുന്ന സ്വർണ നാണയങ്ങൾ എടുത്തുകൊള്ളാൻ കനകറാമിനോട് ബീർബൽ ആവശ്യപ്പെട്ടു. “അതെങ്ങനെ പറ്റും” കനകറാം ചോദിച്ചു. "സ്വപ്നത്തിലെ കടം വീട്ടാൻ കണ്ണാടിയിലെ പണം മതിയാകും". ബീർബൽ പറഞ്ഞു. കനകറാം തൻറെ അപരാധത്തിനു മാപ്പിരുന്നു. "നിങ്ങൾ നൂറു സ്വർണ്ണനാണയം ഈ പാവത്തിനു നൽകണം അതാണ്" നിങ്ങൾക്കുള്ള ശിക്ഷ. ബീർബൽ തീർപ്പു കൽപിച്ചു. ചക്രവർത്തി ഉൾപ്പെടെ സദസ്സിലുള്ളവരെല്ലാം ബീർബലിനെ വാനോളം പുകഴ്ത്തി.

എ) ഈ കഥയിലെ ബുദ്ധിമാനായ മന്ത്രിയും പേര് എന്താണ്?

ബീർബൽ

ബി) ഈ കഥ വായിച്ച് ഒരു വായനാക്കുറിപ്പ് തയ്യാറാക്കുക.

## 8. ഗുരുവിനെക്കുറിച്ച് നിത്യചൈതന്യയതി

അങ്ങനെയിരിക്കുമ്പോൾ ഒരാളെന്നോട് എഴുതി ചോദിച്ചു : ശ്രീനാരായണ ഗുരുവിന്റെ കൃതികളിൽ 'സ്നേഹം' എന്നൊരു വാക്കേ പ്രയോഗിച്ചു കാണുന്നില്ലല്ലോ, എന്ന് അതിനുപകരം അരുൾ, അൻപ്, അനുകമ്പ എന്നീ മൂന്നു വാക്കുകളെയാണ് ഗുരു പ്രശംസി ച്ചിട്ടുള്ളത് ഗുരുവിന്റെ ജീവിതത്തിൽ നിറഞ്ഞു നിന്നിരിക്കുന്നതും അവ തന്നെ. ദൈവത്തെ പ്പറ്റി പറയുമ്പോഴൊക്കെ ഹൃദയത്തിൽ നിറഞ്ഞു തീവ്രമായി അനുഭവപ്പെട്ടിട്ടുള്ളത് അരുളും സഹജീവികളോട് അവിടുന്നു കാട്ടിയിരുന്ന അൻപുമാണ്. ഒരു പീഡ എറുമ്പിനും വരുത്തരുതെന്നു പറയുമ്പോൾ അതിൽ നിറഞ്ഞിരുന്നത് അനുകമ്പയും ആയിരുന്നു. അതെല്ലാം കൊണ്ടാണ് ലോക സാഹിത്യത്തിലെ ഒരു രാജ്യക്കാരന്റെയോ, ഒരു വംശജന്റെയോ നേർക്കല്ല, മനുഷ്യവർഗത്തെ ഒന്നായി അരുളും അൻപും അനുകമ്പയും ഉള്ളവരാക്കാൻ ശ്രമിച്ചിട്ടുള്ള പല മഹത്തുക്കളുടെയും സാഹിത്യ കൃതികളിലേക്ക് ഞാൻ തിരിഞ്ഞത്.

എ) സ്നേഹം എന്ന വാക്കിന് പകരം ശ്രീനാരായണ ഗുരു ഉപയോഗിച്ചിട്ടുള്ള വാക്കുകൾ ഏത്?

- അരുൾ, അൻപ്

ബി) അൻപ് എന്ന വാക്കിന്റെ അർത്ഥമെന്താണണ്

ദയ

സി) സഹജീവികളോട് നിങ്ങൾ അനുകമ്പ കാട്ടിയതോ കണ്ടതോ, അറിഞ്ഞതോ ആയ ഒരു അനുഭവത്തെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക.

## താരതമ്യകുറിപ്പ്

**കുട്ടിയും തള്ളയും**

ഈ വല്ലിയിൽ നിന്നു ചെമ്മേ - പൂക്കൾ
പോവുന്നിതാ പറന്നമ്മേ
തെറ്റീ ! നിനക്കുണ്ണി ചൊല്ലാം - നൽപ്പൂ -
മ്പാറ്റകളല്ലേയിതെല്ലാം
മേൾക്കുമേലിങ്ങിവ പൊങ്ങീ - വിണ്ണിൽ
നോക്കമ്മേ എന്തൊരു ഭംഗി!
അയ്യോ ! പോയ്ക്കൂടിക്കളിപ്പാൻ - അമ്മേ !
വയ്യേയെനിക്കു പറപ്പാൻ
ആകാത്തതിങ്ങനെ എണ്ണീ - ചുമ്മാ
മാഴ്കൊല്ലായെന്നോമലുണ്ണീ

(പുഷ്പവാടി) (എൻ.കുമാരനാശാൻ)

എ) 'മാഴ്കക' എന്ന പദത്തിന്റെ അർത്ഥം

പൂമ്പാറ്റക്കുട്ട്യോൾടമ്മേ
കുട്ട്യോൾക്ക് ചെറകില്
സ്റ്റിക്കറൊട്ടിച്ചു കൊടുക്കുമ്പോ
നിക്കു തര്വോ ഒരഞ്ചാറെണ്ണം
മാളൂന്റെ പാവാടേലെ
കീറലടയ്ക്കാനാ (ഋതിക മണിശങ്കർ)

ബി) ഒരു കൂട്ടുകാരി എഴുതിയ കവിത വായിച്ചല്ലോ . എന്തിനാണ് കുട്ടി സ്റ്റിക്കർ ആവശ്യപ്പെട്ടത്?

സി) മുകളിൽ കൊടുത്തിട്ടുള്ള രണ്ടു കവിതകളും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?

# LSS Examination 2018-19

## Model Question Paper

MALAYALAM

SET – 1 (1 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക്  1 മാർക്ക്)

1) 'ബോധേശ്വരൻ' എന്ന മലയാള കവിയുടെ യഥാർത്ഥ പേരെന്ത്?

2) "കാക്കേ കാക്കേ കൂടെവിടെ

കൂട്ടിനകത്തൊരു കുഞ്ഞുണ്ടോ" എന്ന കുട്ടിക്കവിതെ എഴുതിയത് ആര്?

3) മലയാളത്തിൽ അവസാനമായി ജ്ഞാനപീഠം അവാർഡ് നേടിയ കവി?

4) "മണ്ണിനടിയിൽ പൊന്നമ്മ" കടങ്കഥയുടെ ഉത്തരമെന്ത്?

5) 'അൻപ്' എന്ന വാക്കിന്റെ അർത്ഥം?

6) എഴുതാപ്പുറം വായിക്കരുത് എന്ന ചൊല്ലിന്റെ ആശയമെന്ത്?

എ) എഴുതിയ ഭാഗം മാത്രമേ വായിക്കാവൂ

ബി) തെറ്റായ വ്യാഖ്യാനം നൽകരുത്

സി) എഴുതാനറിയാത്തവർ വായിക്കരുത്

ഡി) പുറത്തിരുന്ന് വായിക്കരുത്

7) ശരിയായ പദം ഏത്?

എ) മൃഷ്ടാന്നം      ബി) മൃഷ്ട്ടാനാം

സി) മൃഷ്ഠാന്നം      ഡി) മൃഷ്ഡാന്നം

8) ശരിയായി പിരിച്ചെഴുതിയ പദം ഏത്?

എ) നിലാവ് + ഉദിച്ചു      ബി) നിലാവു+ഉദിച്ചു

സി) നിലാ + ഉദിച്ചു      ഡി) നിലാവ് + യുദിച്ചു

9) "മെത്തയിലങ്ങനെ ചാഞ്ഞു കിടന്നൊരു

മുത്തശ്ശിക്കഥ കേൾക്കേണം" ഇതേ ഈണത്തിൽ ചൊല്ലാൻ കഴിയാത്ത വരികൾ ഏത്?

എ) "പഠിച്ച പാട്ടുകളെല്ലാമപ്പോൾ

പാടാനോർമ്മയിൽ വെക്കേണം"

ബി) തൊട്ടാവാടിത്തൊടിയിൽ കിളിയാ-
ന്തട്ടു കളിച്ചു തകർക്കേണം

സി) "കരിമുകിൽ മൂടിയ വിണ്ണിൽ വെളിച്ചം
കാവടി തുള്ളിയണഞ്ഞല്ലോ"

ഡി) "നോക്കടാ നമ്മുടെ മർഗ്ഗേകിടക്കുന്ന
മർക്കടാ നീയങ്ങു മാടിക്കിടാശ്ശടാ"

10) പ്രാചീന കവിത്രയത്തിൽപെടാത്തതാര്?

എ) കുഞ്ചൻനമ്പ്യാർ ബി) കുമാരനാശാൻ

സി) തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ ഡി) ചെറുശ്ശേരി നമ്പൂതിരി

11) കേരള ഗാനം

എസ്.കെ.പൊറ്റക്കാട്

കേരളമേ, നിന്റെ യോമനപ്പേർ കേൾക്കേ
കോൾമയിൽ കൊള്ളുന്നെന്നുള്ളമെന്നും
നീരാളപ്പച്ച വിരിച്ച വയലുകൾ
നീളെക്കിടക്കുമുൾനാട്ടുകളും
വാരിളം പുല്ലണിക്കുന്നിൻ പുറങ്ങളും
നേരറ്റ നീരലർ പൊയ്കകളും
പൂത്തിരി കത്തിച്ചു പാതിരാവു പിന്നെ
പൂത്തിരുവാതിരപ്പൂ നിലാവും
മഞ്ഞക്കുറിയിച്ച മൂവന്തിമാനവും
മഞ്ഞുപുതച്ച പുലരികളും
പുത്തനായുള്ള മുളകിൻ കൊടികളും
തൈത്തെങ്ങിനങ്ങളുമെന്നു വേണ്ട.....
നിന്തിരുമേനിയിൽ പറ്റിയപാഴായോ-
രെന്തിനു മുണ്ടാരഴകു വേറെ.

എ) "പൂത്തിരി കത്തിച്ചു പാതിരാവും" ആരാണ് രാത്രിയിൽ പൂത്തിരികത്തിക്കുന്നത്? (1 mark)

ബി) ഭംഗി എന്ന പദത്തിനു പകരം പ്രയോഗിച്ചിരിക്കുന്ന പദമേത്? (1 mark)

സി) കവിതയക്ക് ഒരു ആസ്വാദനകുറിപ്പ് തയ്യാറാക്കുക? (3 mark)

12) മുകളിൽ കൊടുത്തിരിക്കുന്ന കവിത വായിച്ചല്ലോ?

കേരളത്തിന്റെ പ്രകൃതിഭംഗി വിവരിച്ചുകൊണ്ട് ഒരു വർണ്ണന തയ്യാറാക്കുക.

## SET -II

1) ചങ്ങമ്പുഴ കൃഷ്ണപിള്ള എഴുതിയ വിലാപകാവ്യം ഏത്?

2) 'പുറപ്പാട്' ഏത് കലാരൂപവുമായി ബന്ധപ്പെട്ടിരിക്കുന്നു.

3) ആദ്യമായി ജ്ഞാനപീഠം അവാർഡ് നേടിയ കൃതി?

4) 'ഗാഥ' എന്ന വാക്കിന്റെ അർത്ഥം എന്ത്?

5) കേട്ടിട്ടില്ലേ തുടികൊട്ടും കലർ-
നോട്ടു ചിലമ്പിൻ കലമ്പലുകൾ ഈ വരികൾ ഇടശ്ശേരിയുടെ ഏത് കൃതിയിലെ വരികളാണ്?

6) നാടൻകളികളിൽ പെടാത്തത് ഏത്?

എ) കുട്ടിയും കോലും　　ബി) തലപ്പന്ത് കളി

സി) ഗോലികളി　　ഡി) ക്രിക്കറ്റ്

7) താഴെ കൊടുത്തിരിക്കുന്നവയിൽ ഋതുക്കളിൽ പെടാത്തത് ഏത്?

എ) വസന്തം　　ബി) ഗ്രീഷ്മം　　സി) ശ്രാവണം　　ഡി) വർഷം

8) മാതൃക അനുസരിച്ചെഴുതുക

'അച്ഛനമ്മമാർ - അച്ഛനും അമ്മയും'

സഹോദരിസഹോദരന്മാർ - ?

9) "വിളയും പയർ മുളയിലേ അറിയാം" ഇതിനു സമാനമായ പഴഞ്ചൊല്ല് ഏത്?

എ) മുളയിലറിയാം വിള　　ബി) വിത്തുഗുണം പത്തുഗുണം

സി) അന്നബലം മുന്നബലം　　ഡി) അത്താഴം അത്തിപ്പഴത്തോളം

10) 'വഞ്ചിപ്പാട്ട്' ഏതു വൃത്തത്തിലേതാണ്?

എ) കേക　　ബി) കാകളി　　സി) നതോന്നത　　ഡി) മഞ്ജരി

11) ഒരു ചെടിയും നട്ടുവളർത്തീ-

ലോണപ്പൂവെങ്ങനെ നുള്ളാൻ?

ഒരു വയലും പൂട്ടിവിതച്ചീ-

ലോണച്ചോറെങ്ങനെയുണ്ണാൻ?

ഒരു വാഴക്കന്നും നട്ടീ; -
ലോണപ്പഴമെങ്ങനെ തിന്നാൻ?
ഒരു കഴിന്നൂൽപോലും നൂറ്റീ ; -
ലോണത്തുണിയെങ്ങനെയണിയാൻ?
ഒരു രാഗം മൂളിപ്പഴകീ ; -
ലോണപ്പാട്ടെങ്ങനെ പാടാൻ?
ഒരു കരളിൽ സ്നേഹം പാകീ
ലോണക്കളിയെന്തു കളിക്കാൻ?
ഉള്ളത്തിൽ കള്ളകർക്കടം
എങ്ങനെ പൊന്നോണം പുലരാൻ?

- എൻ.വി കൃഷ്ണവാര്യർ

എ) ഓണക്കളി കളിക്കാൻ കഴിയാത്തതെന്തുകൊണ്ട് ? (1 മാർക്ക്)

ബി) കവിതയക്ക് ഉചിതമായ ഒരു തലക്കെട്ട് തയ്യാറാക്കുക ? (1 മാർക്ക്)

സി) കവിതയ്ക്ക് ഒരു ആസ്വാദനകുറിപ്പ് തയ്യാറാക്കുക? (3 മാർക്ക്)

12) അമ്മു : എങ്ങനെയാണച്ഛാ കടലാസുണ്ടാക്കുന്നത്?

അച്ഛൻ : ഈറയും മുളയും ഒക്കെ അരച്ച് പൾപ്പാക്കിയാണ് കടലാസുണ്ടാക്കുന്നത്

(അമ്മുവിനു വീണ്ടും സംശയം)

അമ്മു : ഈ ഈറയും മുളയും ഒക്കെ എവിടെ നിന്നു കിട്ടും?

അച്ഛൻ : നീ കടലാസിനോട് തന്നെ ചോദിക്ക്

കടലാസ് എന്തൊക്കെയാവും പറഞ്ഞിട്ടുണ്ടാവുക.

ആത്മകഥാ രൂപത്തിൽ കുറിപ്പ തയ്യാറാക്കുക. (5 മാർക്ക്)

## SET I
## Answer

1. കേശവപിള്ള
2. ഉള്ളൂർ എസ്.പരമേശ്വരയ്യർ
3. ഒ.എൻ.വി കുറുപ്പ്
4. മഞ്ഞൾ
5. ദയ
6. തെറ്റായ വ്യാഖ്യാനം നൽകരുത്
7. മൃഷ്ടാന്നം
8. നിലാവ് + ഉദിച്ചു
9. "നോക്കടാ നമ്മുടെ മർഗ്ഗേകിടക്കുന്ന
   മർക്കടാ നീയങ്ങു മാറിക്കിടാശ്ശടാ"
10. കുമാരനാശാൻ
11. a) നക്ഷത്രങ്ങൾ
    b) അഴക്

## SET II

1) രമണൻ
2) കഥകളി
3) ഓടക്കുഴൽ
4.) പാട്ട്
5) പൂതപ്പാട്ട്
6) ക്രിക്കറ്റ്
7) ശ്രാവണം
8) സഹോദരിയും സഹോദരനും
9) മുളയിലറിയാം വിള
10) നതോന്നത
11) a) കരളിൽ സ്നേഹം പാകാൻ കഴിയാത്തതുകൊണ്ട്
    b) ഉചിതമായ തലക്കെട്ടിന് മാർക്ക് നൽകാം
    c) ഉചിതമായ ആസ്വാദന കുറിപ്പിനു മാർക്ക് നൽകാം
12) ആത്മകഥാംശമുള്ള വിവരണത്തിനു മാർക്കു നൽകുക